# അക്കാദമിക

# മാസ്റ്റർ പ്ലാൻ

2025 - 2026

ഗവ. എൽ. പി. സ്കൂൾ

ഇടത്തിട്ട

# ഉള്ളടക്കം

* ആമുഖം
* പൊതുലക്ഷ്യങ്ങൾ
* കുട്ടികളുടെ എണ്ണം
* പ്രവർത്തന പദ്ധതികൾ
* മധുരം മലയാളം
* ഗണിതം മധുരം
* ശാസ്ത്ര കൗതുകം
* Easy English
* അറിയുക വളരുക
  ഇഫക്ടീവ് പേരന്റിംഗ്
* ആരോഗ്യമുള്ള വിദ്യാലയം.

# ആമുഖം.

കുട്ടിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അതു സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുകയാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുക എന്നത് ഓരോ കുട്ടിയുടെയും ആവശ്യവും അവകാശവുമാണ്. ഇത് സാധ്യമാകണമെങ്കിൽ അതിന് അനുയോജ്യമായ അന്തരീക്ഷം, വിദ്യാഭ്യാസ വിഭവങ്ങൾ, കൂട്ടായ്മ തുടങ്ങിയവ അനിവാര്യമാണ്. വിദ്യാലയത്തിന്റെ ശക്തി ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞ് ലഭ്യമായ വിഭവങ്ങൾ യഥാവിധം കൂട്ടിയോജിപ്പിച്ച് അവ പ്രയോജനപ്പെടുത്താൻ സാധിക്കണം. ഇതിനായി അധ്യാപകരുടെ അർപ്പിത മനോഭാവത്തോടൊപ്പം രക്ഷിതാക്കളുടെയും പ്രാദേശിക സമൂഹത്തിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ ഏജൻസികളുടെയും സഹകരണവും സേവനവും ആവശ്യമാണ്.

## ചരിത്രത്തിന്റെ പടവുകളിലൂടെ

1929 (കൊല്ലവർഷം 1104) ൽ ആണ് ഈ സ്കൂൾ ഒരു മാനേജ്മെന്റ് പ്രൈമറി സ്കൂൾ എന്നനിലയിൽ

ദ്യോഗിക അംഗീകാരത്തോടുകൂടി പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ സ്കൂൾ നിലനിൽക്കുന്ന സ്ഥലത്തുനിന്നും ആണ് സ്കൂൾ പ്രവർത്തിച്ചു തുടങ്ങിയത്. ഇടത്തിട്ട ജംഗ്ഷന് വടക്കുഭാഗത്ത് ചുളിക്കോട്ടേത്ത് വടക്കേതിൽ ചുരുവിടത്തിന്റെ വടക്കു പടിഞ്ഞാറ് ഭാഗത്തായിരുന്നു. പൂർവ്വ വിദ്യാലയത്തിന്റെ സ്ഥാനം. ഇന്ന് വിദ്യാലയം നില നിൽക്കുന്ന സ്ഥലം ഈ സ്കൂളിന്റെ സമീപത്തുള്ള മനയിൽ കുടുംബ കാരണവരായിരുന്ന ശ്രീ. കരുവൻ അവർകൾ സൗജന്യമായി (6 സെന്റ്) നൽകിയതാണ്. അദ്ദേഹത്തെ ഈ അവസരത്തിൽ ആദരപൂർവ്വം സ്മരിക്കുന്നു. കാലാകാലങ്ങളിൽ കെട്ടിമേയാനാവാതെ ചോർന്നൊലിക്കുന്ന ഷെഡ്ഡുകളിൽ തുച്ഛമായ ശമ്പളം പോലും കൃത്യമായി ലഭിക്കാത്ത അധ്യാപകരും നാട്ടുകാരോടുകൂടി പ്രവർത്തന സംഘാടകരും ഒത്തു ചേർന്നപ്പോൾ നിർധനരും അർഹരുമായ വിദ്യാർത്ഥികളിലേക്ക് അറിവ് ഒഴുകിയെത്തി. അതിനു വേണ്ട സഹായങ്ങൾ നൽകിയ പൂർവ്വികന്മാരെ ആദരപൂർവ്വം സ്മരിക്കുന്നു.

മാനേജ്മെന്റ് പ്രൈവറ്റ് സ്കൂൾ ആയിരുന്ന ഈ വിദ്യാലയം തിരുവിതാംകൂർ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ ഗവൺമെന്റ് ഏറ്റെടുത്തത് 1946 ൽ ആണ്. അങ്ങനെയാണ് ഇടത്തിട്ട മാനേജ്മെന്റ് പ്രൈവറ്റ് സ്കൂൾ ഇടത്തിട്ട ഗവൺമെന്റ് എൽ.പി. സ്കൂൾ ആയത്.

1967-68 വിദ്യാഭ്യാസ വർഷത്തിലാണ് സ്കൂൾ ഇപ്പോഴത്തെ കെട്ടിടത്തിൽ പുനരാരംഭിച്ചത്. 2008ൽ സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു. 2023ൽ വീണ്ടും സ്കൂൾ ഫിറ്റ്നസ് ലഭിക്കാതെയായി. ഇപ്പോൾ സ്കൂൾ ഒരു വാടകക്കെട്ടിടത്തിലും സ്കൂളിലെ മുകൾ ഭാഗത്ത് ഒരു ക്ലാസ് മുറിയുമാണ് നടക്കുന്നത്. 2025 ഫെബ്രുവരിയിൽ പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി SSK യിൽ നിന്ന് 40,00,000 രൂപ അനുവദിച്ചു. ഇതിന്റെ ഫലമായി പുതിയ സ്കൂൾ കെട്ടിടം നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

പൊതുവിദ്യാഭ്യാസ മേഖല നേരിടുന്ന ആപൽക്കരമായ വെല്ലുവിളികൾക്കൊടുവിലും അധ്യയന രംഗത്ത് തലയുയർത്തി നിൽക്കുവാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. കായിക പുരോഗതിക്ക് നമ്മുടെ സ്ഥല പരിമിതി വിഘാതമായി നിൽക്കുകയാണ്. ആറു-സെന്റിൽ ഒതുങ്ങി നിന്ന് പ്രവർത്തിക്കേണ്ടി വരുന്നതിന്റെ ഞെരുക്കം ബുദ്ധിമുട്ടുകളും അസൗകര്യങ്ങളുമായി വിദ്യാലയം മുന്നോട്ടു പോകുന്നു. സ്ഥലപരിമിതി മൂലം ഉച്ചഭക്ഷണം ക്ലാസ് മുറികളിലും വരാന്തയിലുമാണ് കുട്ടികൾക്ക് വിളമ്പി നൽകുന്നത്.

വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന പുസ്തകങ്ങളുടെ ഒരു വൻശേഖരം സ്കൂളിനുണ്ട്. ദിനാചരണങ്ങളും

ആഘോഷങ്ങളും ഫലപ്രദമായി നടത്താൻ സ്കൂളിന് കഴിയുന്നുണ്ട്. പഠന- പാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി പഠനയാത്രകളും, ഫീൽഡ്ട്രിപ്പുകളും നടത്താൻ കഴിയുന്നുണ്ട് എന്നത് സ്കൂളിന്റെ നേട്ടമാണ്.

## പൊതു ലക്ഷ്യങ്ങൾ

- കുട്ടിയുടെ കഴിവ് കേവലം വിഷയപഠനത്തിൽ ഒതുങ്ങാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുക

- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.

- പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ~~[illegible]~~ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- സ്കൂൾ വായനശാലകളും ലബോറട്ടറികളും

## ആധുനിക വത്കരിക്കുക

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക

## കുട്ടികളുടെ എണ്ണം

| Std | Boys | Girls | T | SC | | | OBC | | | General | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | B | G | T | B | G | T | B | G | T |
| I | 4 | 5 | 9 | 4 | 5 | 9 | 0 | 0 | 0 | 0 | 0 | 0 |
| II | 2 | 3 | 5 | 2 | 3 | 5 | 0 | 0 | 0 | 0 | 0 | 0 |
| III | 2 | 2 | 4 | 2 | 2 | 4 | 0 | 0 | 0 | 0 | 0 | 0 |
| IV | 2 | 1 | 3 | 2 | 1 | 3 | 0 | 0 | 0 | 0 | 0 | 0 |
| Total | 10 | 11 | 21 | 10 | 11 | 21 | | | | | | |

അദ്ധ്യാപകരുടെ എണ്ണം.

| വിഭാഗം | അദ്ധ്യാപകരുടെ തസ്തിക | സ്ഥിരം അദ്ധ്യാപകർ | താൽക്കാലിക നിയമനങ്ങൾ | ഇൻസർവീസിൽ കൂടുതൽ പങ്കെടുത്ത അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|
| LP | HM -1<br>LPSA -3 | 4 | — | 2 |

# പ്രവർത്തന പദ്ധതികൾ

* മധുരം മലയാളം
* ഗണിതം മധുരം
* ശാസ്ത്ര കൗതുകം
* Easy English
* അറിയുക വളരുക

  ഇഫക്ടീവ് പേരന്റിംഗ്
* ആരോഗ്യമുള്ള വിദ്യാഭ്യാസം

# പ്രവർത്തന പദ്ധതി

പേര് : മധുരം മലയാളം

വിഷയം : മലയാളം

മേഖല : ലേഖനം , വായന

ചുമതല : ശ്രീവിദ്യ . S

സാമ്പത്തിക വിശകലനം : SMC / SSA
പൂർവ്വ വിദ്യാർത്ഥി സംഘടനകൾ

ലക്ഷ്യങ്ങൾ : -

- എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കി മാറ്റുക
- എഴുത്തും വായനയും മെച്ചപ്പെടുത്തുന്നതിനു വേണ്ട മാർഗ്ഗങ്ങൾ വികസിപ്പിക്കുക.
- സ്കൂൾ, ക്ലാസ്സ് , ഭവന ലൈബ്രറി.
- രചനാ മത്സരങ്ങൾ
- ശില്പശാല

പ്രവർത്തനക്രമം :

- പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം നിർണ്ണയിക്കുന്നു.

എസ്. ആർ. ജി യിൽ പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ

- ഗ്രൂപ്പിംഗ് ടെക്നിക്കുകൾ ഉപയോഗിച്ച് (റാൻഡം ഗ്രൂപ്പിംഗ്, മിക്സഡ് ഗ്രൂപ്പിംഗ്, ഈക്വൽ എബിലിറ്റി ഗ്രൂപ്പിംഗ്) ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നു.
- ഭാഷാ പരമായ മികവ് പ്രവർത്തനങ്ങൾ എല്ലാ ആഴ്ചയിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ 9:15 am to 9:50 am.
- അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ
- അക്ഷരകാർഡ് - വാക്ക് കാർഡ് - വാക്യകാർഡുകൾ നൽകുന്നു.
- വായനാകാർഡ് (ചിത്ര വായന, കഥാവായന
- ഈച്ച് വൺ - ഈച്ച് വൺ ടെക്നിക് പ്രയോജനപ്പെടുത്തി പത്ര വായന [രണ്ട് പേരുള്ള ഗ്രൂപ്പുകൾ]
- ക്ലാസ്, സ്കൂൾ ലൈബ്രറി
- എല്ലാവർക്കും വായന : വീട്ടിൽ ഒരു ലൈബ്രറി.
- പുസ്തകങ്ങൾ അസംബ്ലിയിൽ പരിചയപ്പെടുത്തൽ [രക്ഷിതാക്കൾ, കുട്ടികൾ, അധ്യാപകർ]
- വായനാ മത്സരങ്ങൾ

വായനാക്കുറിപ്പ് പ്രദർശനം
രചനാ പരിചയ കുറിപ്പുകൾ
- ശിൽപശാലകൾ
- ഇടക്കാല വിലയിരുത്തൽ പുനരാസൂത്രണം
- പഠന വിലയിരുത്തൽ തുടർപ്രവർത്തനം
- അവധിക്കാല പ്രവർത്തനം.

| | പ്രവർത്തനങ്ങൾ | |
|---|---|---|
| പ്രീടെസ്റ്റ് | പ്രീടെസ്റ്റ് - ഗ്രൂപ്പിംഗ് ടെക്നിക്കുകൾ പ്രയോജനപ്പെടുത്തൽ, അക്ഷര - വാക്ക് - വാക്യകാർഡുകൾ പ്രയോജനപ്പെടുത്തി അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ. വായനാക്കാർഡ്, ബാലമാസികകളിലെ ചിത്രവായന, കഥാവായന. | |
| പത്രവായന | ഈച്ച് വൺ ഗ്രൂപ്പിംഗ് ടെക്നിക് ഉപയോഗപ്പെടുത്തി പത്രവായന. | |
| സ്കൂൾ ലൈബ്രറി | ക്ലാസ് ലൈബ്രറി, ബാലമാസികകൾ, വായനാക്കുറിപ്പുകൾ ആസ്വാദനക്കുറിപ്പ്, വായനാകാർഡുകളുടെ നിർമ്മാണം. | |
| എല്ലാവർക്കും വായന. | വീട്ടിൽ ഒരു ലൈബ്രറി. വായിച്ച പുസ്തകങ്ങൾ ഗ്രന്ഥകർത്താക്കൾ കുട്ടികൾ സ്കൂൾ അസംബ്ലിയിൽ പരിചയപ്പെടുത്തുന്നു. | |

| | പ്രവർത്തനങ്ങൾ | |
|---|---|---|
| ശില്പശാല | നാടകക്കളരികൾ<br>രചനാ മത്സരങ്ങൾ<br>എന്റെ ഡയറി<br>രചനാ പരിചയ കുറിപ്പുകൾ<br>സർഗ്ഗവേദി<br>പതിപ്പുകൾ തയ്യാറാക്കൽ | |

## പ്രവർത്തന പദ്ധതി

പേര് : ഗണിതം മധുരം

വിഷയം : ഗണിതം

മേഖല : ഗണിതത്തിന്റെ പ്രായോഗിക ആശയങ്ങൾ ചതുഷ്ക്രിയകൾ

ചുമതല : ശ്രീവിദ്യ. S

സാമ്പത്തിക വിശകലനം : SMC / SSA
പൂർവ്വ വിദ്യാർത്ഥി സംഘടനകൾ

ലക്ഷ്യങ്ങൾ :-

- ഗണിതാസ്വാദനം
- ചതുഷ്ക്രിയകൾ ഉറപ്പിക്കൽ

ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്തൽ

- ഗണിത കേളികളിൽ ഏർപ്പെടൽ

## പ്രവർത്തനക്രമം.

- പ്രീ ടെസ്റ്റ്
- SRG യിൽ പരിശീലന പ്രവർത്തനങ്ങൾ തീരുമാനം ചെയ്യൽ
- ഗണിത പഠന സാമഗ്രികൾ, കമ്പുകെട്ടുകൾ, നോട്ടുകൾ, നാണയക്കാശ് ഇവ ഉപയോഗപ്പെടുത്തിയുള്ള ക്ലാസ്റൂം പ്രവർത്തനങ്ങളിലൂടെ സംഖ്യാ രൂപീകരണം, സ്ഥാനവില, ചതുഷ്ക്രിയകൾ ഉറപ്പിക്കൽ
- കലണ്ടർ
- നിറവ്, തുടർ ഉപകരണങ്ങൾ
- പി.റ്റി.എ. സഹായത്തോടെ ഗണിതകിറ്റ് (കുട്ടിക്ക് ഒന്ന് വീതം)
- ഗണിത ക്ലബ്ബ്
- ഗണിത ഗാനങ്ങൾ
- കുസൃതിക്കണക്ക്, മാന്ത്രിക ചതുരങ്ങൾ
- ജ്യോമെട്രിക് ചാർട്ടുകൾ
- ICT

| പേര് | പ്രവർത്തനങ്ങൾ | വിനുന |
| --- | --- | --- |
| ഗണിതം മധുരം | പ്രീടെസ്റ്റ്, സംഖ്യാകാർഡുകൾ കൺ കെട്ടുകൾ, അബാക്കസ് എന്നിവ പ്രയോജനപ്പെടുത്തി സംഖ്യാരൂപീകരണം, സ്ഥാനവില, ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കുന്നതിന് | |
| കളിച്ച് പഠിക്കാം | ക്ലോക്കുകൾ നിർമ്മിച്ച് സമയം സംബന്ധിച്ച ആശയങ്ങൾ രൂപീകരിക്കുന്നതിന്. നോട്ടുകളുടെ മാതൃകകൾ, കലണ്ടർ, അളവുതൂക്ക മാതൃകകൾ ഉപയോഗിച്ച് ആശയങ്ങൾ രൂപീകരിക്കൽ | |
| ഗണിത ക്ലബ്ബ് | ഗണിതഗാനം<br>കുസൃതിക്കണക്ക്<br>മാന്ത്രിക ചതുരം.<br>ജ്യോമെട്രിക് ചാർട്ട്<br>ഗണിത കേളികൾ<br>ഗണിത കിറ്റുകൾ | |

# പ്രവർത്തന പദ്ധതി

പേര് : ശാസ്ത്ര കൗതുകം
വിഷയം : ശാസ്ത്രം.
മേഖല : കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ വളർത്തൽ
ശാസ്ത്ര അഭിരുചി വളർത്തൽ
ചുമതല : ക്രെസന്റ് വർഗ്ഗീസ്
സാമ്പത്തിക വിശകലനം : BRC/SSA, പൂർവ്വവിദ്യാർത്ഥി സംഘടനകൾ

ലക്ഷ്യങ്ങൾ :

- കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ
- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ വളർത്തൽ
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ

പ്രവർത്തനക്രമം.

- പ്രീടെസ്റ്റ്
- SRG യിൽ പരിഹാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ
- ക്ലാസ്സ് റൂം, സ്കൂൾ ലാബ് സജ്ജീകരിക്കൽ
- ശാസ്ത്ര മൂലകൾ സജ്ജീകരിക്കൽ
- ശാസ്ത്ര മൂലകൾ കേന്ദ്രീകരിച്ച് ശേഖരണം, കണ്ടെത്തലുകൾ മുതലായവയുടെ പ്രദർശനം.

ലഘു പരീക്ഷണങ്ങളിലൂടെ പരിശീലനം
ICT ശേഖരണം
- ഫീൽഡ് ട്രിപ്പുകൾ
- പഠനയാത്രകൾ
- ശാസ്ത്രലൈബ്രറി

| പേര് | പ്രവർത്തനങ്ങൾ | |
|---|---|---|
| ശാസ്ത്രരംഗം | • ക്ലാസ്സ് റൂം, സ്കൂൾ തല ശാസ്ത്ര ലാബുകൾ ഉപയോഗിക്കൽ<br>കൃത്യത, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ വളർത്തുന്ന വിധം ലഘുപരീക്ഷണങ്ങളിലൂടെ പരിശീലനം.<br>• ക്ലാസ്സ് തല ശാസ്ത്രമേളകളിൽ ശേഖരണം, കണ്ടെത്തലുകൾ, ഇവയുടെ പ്രദർശനം<br>• ICT ശേഖരണം<br>• ഫീൽഡ് ട്രിപ്പുകൾ<br>• പഠനയാത്രകൾ<br>• ശാസ്ത്രലൈബ്രറി. | |

# Action plan.

Name : Easy English

Area : Reading, writing

Tr in charge : Sujatha B.

## Aims :

- To develop the ability for reading and writing.
- Finding out or construct reading material for learners of different levels
- To develop different tatics which support reading and writing.

## Activities

- SRG
- English class room
- English assembly
- Action song

- Role play
- Rhyme
- Self Introduction
- Naos reading
- Pledge
- Reading cards
- Picture cards
- story
- Spoken English classes
- ICT

| Name | Activities | |
|---|---|---|
| English | Rhymes<br>story telling<br>Role play<br>Self Introduction.<br>News reading<br>Pledge<br>Assembly<br>Reading cards<br>word cards<br>Spoken English<br>Greeting card<br>Day celebrations<br>English camp | |

# പ്രവർത്തന പദ്ധതി

പേര് : അറിയുക വളരുക
ഇഫക്ടീവ് പേരന്റിംഗ്

മേഖല : പൊതുവിജ്ഞാനം, പത്രവായന,
രക്ഷാകർതൃ പരിശീലനം

ചുമതല : രഞ്ജിത. C.V

സാമ്പത്തിക വിശകലനം : SSA / SMC

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും പത്രവായന പ്രോത്സാഹിപ്പിക്കുന്നതിനും.
- സ്കൂളിനെ പൊതു സമൂഹവുമായി ബന്ധിപ്പിക്കുന്നതിന്.

കുട്ടികളുടെ സർഗ്ഗവാസനകൾ വളർത്തൽ.

## പ്രവർത്തനങ്ങൾ

SRG ആസൂത്രണം

എല്ലാ വെള്ളിയാഴ്ചയും ഉച്ചക്ക് 1:30 മുതൽ 2 വരെ പത്രവാർത്തയുമായി ബന്ധപ്പെട്ട ക്വിസ് പ്രോഗ്രാം.

സമൂഹവുമായി ബന്ധപ്പെടുത്തി ദിനാചരണങ്ങൾ

എല്ലാ ദിവസവും പത്രവാർത്തയുമായി ബന്ധപ്പെട്ട ഒരു ചോദ്യം നൽകി ഉത്തരം കണ്ടെത്തി

ഉണർവ്വ് പദ്ധതിയിൽ നിക്ഷേപിക്കാൻ നിർദ്ദേശം

- ദിനാചരണ ക്വിസ് മത്സരങ്ങൾ
- രക്ഷിതാവിന് ക്വിസ് പുസ്തക പരിചയപ്പെടുത്തൽ
- ഇടക്കാല വിലയിരുത്തൽ, പുനരാവർത്തനം
- സമ്മാനദാനം
- ബാലസഭ
- പ്രാദേശിക കലാ പരിശീലനം പ്രയോജനപ്പെടുത്തൽ
- നാടകക്കളരി.

| ഘട്ടം | പ്രവർത്തനം | |
|---|---|---|
| അറിയുക വളരുക. | എല്ലാ വെള്ളിയാഴ്ചയും പത്ര ക്വിസ്<br>പത്രവാർത്തയിൽ നിന്നും ഒരു ചോദ്യം വീതം എല്ലാ ദിവസവും<br>ദിനാചരണ ക്വിസ്<br>എല്ലാ ബുധനാഴ്ചയും പൊതുവിജ്ഞാന ക്വിസ്<br>സമ്മാനദാനം | |
| ഉണർവ്വ് പേരന്റിംഗ് | രക്ഷാകർതൃവിദ്യാഭ്യാസം<br>അവധിക്കാല ബോധവൽക്കരണക്ലാസ്<br>പഠനോപകരണ നിർമ്മാണ പരിശീലന കളികൾ<br>കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തൽ<br>PTA, CPTA. | |

# പ്രവർത്തന പദ്ധതി

പേര് : ആരോഗ്യമുള്ള വിദ്യാഭ്യാസം

മേഖല : കായിക, മാനസിക വികസനം

ചുമതല : സുജാത B.

സാമ്പത്തിക വിശകലനം : SMC/SSA
പൂർവ്വ വിദ്യാർത്ഥി സംഘടനകൾ

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ സർവ്വതോന്മുഖമായ വികാസം ഉറപ്പ് വരുത്തുക.
- വിവിധ സന്ദർഭങ്ങളിൽ ഉചിതമായ രീതിയിൽ ശരീരത്തെ ചലിപ്പിക്കാനുള്ള ശേഷികൾ ആർജിക്കുക.
- സാമൂഹിക ഉത്തരവാദിത്തങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുകയും ജനാധിപത്യപരമായ ജീവിതശൈലികൾ പാലിക്കുകയും ആസ്വദിക്കുകയും ചെയ്യുക.

## പ്രവർത്തനക്രമം

SRG ആസൂത്രണം

എയറോബിക്സ് പരിശീലനം

നൃത്ത ഡാൻസ്

- കായിക പരിശീലന ഉപകരണങ്ങൾ പ്രയോജനപ്പെടുത്തൽ
- പഞ്ചായത്ത് തല കായിക പരിശീലനം പ്രയോജനപ്പെടുത്തൽ
- സ്കൂൾ പാർക്ക് ഉപയോഗപ്പെടുത്തൽ
- യോഗ പരിശീലനം മാസത്തിലൊരിക്കൽ.

| മേഖല | പ്രവർത്തനം. | |
|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസം | · കുട്ടികളുടെ സർവ്വതോന്മുഖ വികാസത്തിനായി<br>· എയ്റോബിക്സ് പരിശീലനം<br>സൂംബ ഡാൻസ്<br>· കായിക പരിശീലനം<br>· യോഗ പരിശീലനം. | |